16.10.2009
ബയ്ത്തുൽ ഫുതൂഹ്,
ലണ്ടൻ

# അല്ലാഹുവിന്റെ ഗുണനാമം - മതീൻ (സുശക്തൻ)

വിശുദ്ധ ഖുർആനിൽ മതീൻ എന്ന പദം മൂന്ന് വചനങ്ങളിൽ വിവിധ സന്ദർഭങ്ങളിലായി പ്രതിപാദിച്ചിരിക്കുന്നു. സൂറ അഅ്റാഫിലും,അദ്ദാരിയാത്തിലും സൂറ ഖലമിലുമാണത്. പ്രസ്തുത സ്ഥലങ്ങളിലെല്ലാം അല്ലാഹു മതീൻ എന്ന ഈ പദത്തെ തന്റെ സവിശേഷഗുണനാമമായിട്ടാണ് പറഞ്ഞകൊണ്ട് സത്യനിഷേധികളുടെയും ബഹുദൈവാരാധകരുടെയും മോശമായ പര്യവസാനത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.ഈ പദം ഏത് സന്ദർഭവുമായി ബന്ധപ്പെട്ടാണ് ഉപയോഗിച്ചത് എന്ന്പറയുന്നതിന് മുമ്പായി നിഘണ്ടുക്കളിൽ ഈ പദത്തിന് നൽകിയിരിക്കുന്ന അർത്ഥം പറയാനാണ് ആഗ്രഹിക്കുന്നത്.ഈ പദം പൊതുവായി ഉപയോഗിച്ച് വരുന്നതാണെങ്കിലും അല്ലാഹുവുമായി ബന്ധപ്പെടുത്തിയും ഉപയോഗിക്കാറുണ്ട്.രണ്ട് സന്ദർഭങ്ങളിലും ഏത് അർത്ഥത്തിലാണ് ഉപയോഗിക്കുക എന്നതിനെക്കുറിച്ചും പറയാം.അർത്ഥം ഒന്നു തന്നെയെങ്കിലും അല്ലാഹുവുമായി ബന്ധപ്പെടുത്തിപ്പറയുമ്പോൾ അതിന്റെ അർത്ഥവും വ്യാപ്തിയേറിയതായിരിക്കും.മതന എന്ന പദത്തിന്റെ അർത്ഥം ഉറപ്പുള്ള അരക്കെട്ടോടു കൂടിയവൻ.മതീൻ എന്ന പദത്തിനും ഇതേ അർത്ഥമാണുള്ളത്.ചില നിഘണ്ടു കർത്താക്കൾ എഴുതിയിരിക്കുന്നത് നട്ടെല്ലിന് ഇരുവശങ്ങളിലുമായി അരഭാഗത്തേക്ക് ഇറങ്ങിയിരിക്കുന്ന മാംസഭാഗങ്ങൾ എന്നാണ്. ശക്തിയേറിയ,ദൃഢമായ എന്നും ഈ പദത്തിനർത്ഥമുണ്ട്. ലിസാനുൽ അറബിലും ഈ പദത്തിന് വിവിധ അർത്ഥങ്ങൾ നൽകിയിരിക്കുന്നു.അതിപ്രകാരമാണ് റജ്‌ലുൻ മത്നുൻ അതായത് ആരോഗ്യദൃഢഗാത്രനായ ആൾ,ഉറപ്പുള്ള അരക്കെട്ടോടുകൂടിയ ആൾ എന്നൊക്കെയാണ്. ഇനി അല്ലാഹുവിന്റെ സവിശേഷ ഗുണനാമം എന്ന നിലയിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്.ദുൽഖുവ്വത്തിൽ മത്തീൻ അതായത് പരമാധികാരമുള്ളവനും മഹാ ശക്തനുമായവൻ എന്നാണ്.അതേപോലെ മതീൻ എന്ന പദത്തിന് സുശക്തൻ എന്ന അർത്ഥമാണ് നൽകിയിരിക്കുന്നത്.ഇബ്നുൽ അസീർ പറയുന്നു,മഹാ ശക്തനും പരമോന്നതനുമായ അല്ലാഹുവിന് തന്റെ പ്രവൃത്തികളിൽ ഒരു വിധത്തിലുമുള്ള ക്ഷീണമോ, പ്രയാസമോ അനുഭവപ്പെടാറില്ല.അവൻ അത്രകണ്ട് ശക്തനാണ്. അൽമതാനാ എന്നാൽ ശക്തമായ, ദൃഢമായ എന്നതാണ്. ഒരാൾ ഏറ്റവും ശക്തനെന്ന് പറയപ്പെടുന്നത് തന്റെ ശക്തിയിൽ പൂർണ്ണത കൈവരിച്ചത് കൊണ്ടാണ്.അതുകൊണ്ട് തന്നെ അല്ലാഹു ശക്തിയുടെ കാര്യത്തിൽ പരമോന്നതനാണ്.ശക്തൻ,ദൃഢഗാത്രൻ എന്നീ അർത്ഥങ്ങളും ലിസാനിൽ കാണാം.അല്ലാഹു തന്റെ ശക്തിയിലും ബലത്തിലുമുള്ള പരിപൂർണ്ണതകൊണ്ട് തന്റെ നബിമാർക്കും ഇഷ്ടദാസർക്കുമെതിരെ സത്യനിഷേധികൾ പ്രയോഗിക്കുന്ന തന്ത്രങ്ങളെ അവരുടെ ചിന്തകൾക്കതീതമായ രീതിയിൽ ആഞ്ഞടിക്കുന്നു.എങ്ങനെയാണ് അതിനെ നേരിടുക എന്ന്പോലും എതിരാളികൾക്കറിയില്ല.അതിനെ നേരിടാനുള്ള ഒരേയൊരു വഴി അല്ലാഹുവിന്റെ ശിക്ഷകൾ ഇറങ്ങുന്നതിന് മുമ്പായിതന്നെ പശ്ചാത്താപിച്ച് മടങ്ങുക എന്നതാണ്.പാപമോചനത്തനായി അവനോട് മാപ്പപേക്ഷിക്കേണ്ടതാണ്.എതിരാളികളുടെ മേൽ അല്ലാഹു എങ്ങനെയാണ് ശിക്ഷയിറക്കുക എന്നത് യഥാർത്ഥ രൂപത്തിൽ നബിമാർക്ക്പോലും മനസ്സിലാക്കാൻ സാധിക്കുന്നതല്ല. എന്നാൽ ചില സന്ദർഭങ്ങളിൽ മാത്രം അവർക്ക് വ്യക്തമായ ധാരണ നൽകുന്നു.അതായത് ബദർ യുദ്ധവേളയിൽ സത്യനിഷേധികളുടെ ചില തലവന്മാരുടെ അന്ത്യത്തെക്കുറിച്ച് അതായത് അവരുടെ ശവശരീരങ്ങൾ നിശ്ചിത സ്ഥലങ്ങളിൽ വീഴുന്നതായിരിക്കും എന്ന് പോലും റസൂൽ(സ)നെ അല്ലാഹു അറിയിക്കുകയുണ്ടായി.

ഇവിടെ പരാമർശിക്കപ്പെട്ട ഖുർആനിക വചനങ്ങളുടെ വിശദീകരണത്തിലേക്ക് കടക്കുകയാണ്. അല്ലാഹു എതിരാളികളുടെ അന്ത്യത്തെ എങ്ങനെയാണ് നടപ്പിലാക്കുന്നതെന്നും അതുമായി ബന്ധപ്പെട്ട് അവർക്ക് നൽകിയ ഉപദേശങ്ങൾ എന്തൊക്കെയായിരുന്നുവെന്നും സൂറാ അഅ്റാഫിലെ 183,184 വചനങ്ങളിൽ പരാമർശിക്കുന്നുണ്ട്.

وَالَّذِيْنَ كَذَّبُوْا بِاٰيٰتِنَا سَنَسْتَدْرِجُهُمْ مِنْ حَيْثُ لَا يَعْلَمُوْنَ
وَاُمْلِىْ لَهُمْ اِنَّ كَيْدِىْ مَتِيْنٌ (سورة اعراف ايت 183,184)

അതായത് നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരാരോ അവർ അറിയാത്ത വിധത്തിൽ നാം അവരെ (നാശത്തിന്റെ) ഭാഗത്തെക്ക് ക്രമേണയായി വലിച്ചുകൊണ്ടു പോകും ഞാൻ അവർക്ക് സാവകാശം നൽകുന്നതാണ്.തീർച്ചയായും എന്റെ ആസൂത്രണം സുശ

ക്തമാക്കുന്നു. (അഅ്റാഫ് 183,184)

വീണ്ടും സൂറാ ഖലമിൽ അല്ലാഹു പറയുന്നു.

فَذَرْنِي وَمَن يُكَذِّبُ بِهَٰذَا الْحَدِيثِ سَنَسْتَدْرِجُهُم مِّنْ حَيْثُ لَا
يَعْلَمُونَ وَأُمْلِي لَهُمْ إِنَّ كَيْدِي مَتِينٌ

അത് കൊണ്ട് എന്നെയും ഈ വൃത്താന്തത്തെ നീരാകരിക്കുന്നവരേയും വിട്ടേക്കുക. (ഞാൻ തന്നെ അവരെ നേരിടുന്നതാണ്.) താമസിയാതെ അവരറിയാത്ത നിലയിൽ പടിപടിയായി അവരെ നാം നാശത്തിലെക്ക് കൊണ്ടുപോകും നാം അവർക്ക് സാവകാശം നൽകുന്നു. തീർച്ചയായും എന്റെ ആസൂത്രണം സുശക്തമാണ്. (അൽഖലം 45,46)

അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ പാടെ നിഷേധിച്ച എതിരാളികൾ മക്കയിൽ റസൂൽ (സ) ന്റെയും തിരു സഹാബത്തിന്റെയും ജീവിതം തന്നെ ദുസ്സഹമാക്കിയിരുന്നു.എന്നാൽ ഈ അതിക്രമത്തിന്റെയും അനീതിയുടെയും ഫലമായ ശിക്ഷ എങ്ങനെയാണ് ലഭിക്കാൻ പോകുന്നതെന്ന് അവർക്കൊരറിവുമില്ലായിരുന്നു.ആ ശിക്ഷയുടെ ആദ്യ കാഴ്ച്ചകൾ ബദർ യുദ്ധവേളയിൽ തന്നെ അല്ലാഹു കാണിക്കുകയായിരുന്നു.മേൽ പറഞ്ഞ രണ്ട് ഖുർആനിക അദ്ധ്യായങ്ങളും മക്കയിലാണ് അവതരിക്കപ്പെട്ടത്.സൂറ ഖലം ആദ്യം അവതരിക്കപ്പെട്ട നാല്,അഞ്ച് അദ്ധ്യായങ്ങളിൽപ്പെട്ടതാണ്.ചിലരുടെ കാഴ്ചപ്പാടിൽ സൂറ അലഖിന് ശേഷം ഇറങ്ങിയ സൂറത്താണിത് എന്നാണ്.ഇതുപോലെ സൂറ അദ്ദാരിയാത്തിലും അല്ലാഹു തന്റെ മഹാ ശക്തിയെക്കുറിച്ചാണ് പരാമർശിക്കുന്നത്.ഇതും മക്കയിൽ അവതരിച്ചതാണ്.ഏതായാലും മക്കയിലെ മുസ്ലിംകൾക്ക് മേലുണ്ടായ വിവരണാതീതമായ അതിക്രമങ്ങൾ ഇസ്ലാമിക ചരിത്രത്തിലെതന്നെ വളരെ വേദനാജനകമായ ഒരദ്ധ്യായമാണ്.ഇത്തരം ഘട്ടങ്ങളിൽ അല്ലാഹു നസൂൽ (സ)നെ സമാശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു. ഞാൻ മതീനാണ് (സുശക്തനാണ്) എന്റെ ശിക്ഷ വളരെ കഠിനതരമാണ്.ഇത്തരം കഠിനമായ ശിക്ഷകളിൽ നിന്ന് രക്ഷപ്പെടാൻ ഇസ്ലാമിന്റെ എതിരാളികൾക്ക് ഒരിക്കലും സാധ്യമല്ല.ബദർ യുദ്ദവേളയിൽ ഈ സത്യനിഷേധികളെ പൂർണ്ണമായും തന്റെ കരവലയത്തിലാക്കിക്കൊണ്ട് അവൻ അവരുടെ അഹങ്കാരത്തെ പാടെ തകർത്തെറിഞ്ഞു.ഇത്തരം കാര്യങ്ങൾ ചരിത്രത്തിന്പോലും വിവരിക്കാൻ സാധിക്കുന്നതല്ല.ഈ രണ്ട് അദ്ധ്യായങ്ങളിലെ വചനങ്ങളിലും അല്ലാഹു പറഞ്ഞിട്ടുള്ളത് നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്നവരാരോ നാം നൽകുന്ന ശിക്ഷയെക്കുറിച്ച് അവർക്ക് യാതൊരറിവുമില്ല. ഞങ്ങളുടെ മേൽ എന്താണ് സംഭവിക്കുന്നത് എന്ന തിരിച്ചറിവ്പോലും അവർക്കില്ല. അല്ലാഹു പറഞ്ഞു.അല്ലയോ നബിയേ നിന്നെ നിഷേധിക്കുന്നവരുടെ നിഷേധത്തെ നീ കാര്യമാക്കേണ്ടതില്ല. ഇവരുടെ നിഷേധം കൊണ്ട് നിനക്കും നിന്നിൽ വിശ്വസിക്കുന്നവർക്കും മേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമങ്ങൾക്കുള്ള തിരിച്ചടി ഞാൻ നൽകുന്നതാണ്. അത് എനിക്ക് വിട്ട്തരിക. അവർ തങ്ങളുടെ അതിക്രമങ്ങളിൽ വിജയിക്കുമെന്നോ അക്രമത്താൽ സത്യവിശ്വാസികളെ നാമാവശേഷമാക്കുമെന്നോ നീ ഭയപ്പെടേണ്ട.അവർക്കൊരിക്കലും അങ്ങനെ ചെയ്യാൻ സാധ്യമല്ല.കാരണം ഞാൻ സകല ശക്തിയുടേയും ഉടമസ്ഥനാകുന്നു. സുശക്തവും ദൃഢവുമായ ആസൂത്രണങ്ങൾ നടത്തുന്നവനാണ് ഞാൻ. ജനങ്ങൾക്ക് ഒരു പാഠമെന്ന നിലയിൽ അവർക്ക് ഞാൻ അന്ത്യം നൽകുന്നതായിരിക്കും.ഞാൻ അവർക്ക് സാവകാശം നൽകുന്നന്നുവെങ്കിൽ അതിന്നർത്ഥം അവരിൽ ചിലരെങ്കിലും പരിവർത്തനവിധേയരാവാനും പൈശാചിക പ്രവണതകളിൽനിന്ന് പിന്തിരിയാനും വേണ്ടിയാണ്. എന്നാൽ അവർക്ക് സാവകാശം നൽകുന്നതിലൂടെ നഊദുബില്ലാഹ് അല്ലാഹു ബലഹീനത കാണിക്കുന്നു എന്നർത്ഥമില്ല. അല്ലാഹു എല്ലാം ചെയ്യാൻ കഴിവുള്ളവനാണ്.തന്റെ സൃഷ്ടികളെക്കുറിച്ചെല്ലാം അവന് നന്നായിട്ടറിയാം. അവനാണ് സകല ചരാചരങ്ങളെയും സൃഷ്ടിച്ചത്.അതുകൊണ്ട്തന്നെ അവന്റെ ഇംഗിതപ്രകാരമാണ് നിഷേധികൾക്ക് ശിക്ഷ നൽകുക.ആകയാൽ ഇക്കാര്യത്തിൽ അവന് ഒരു ധൃതിയുമില്ല. അവന് ഇച്ഛിക്കുമ്പോൾ ഈ മർദ്ദകരെ അവരുടെ അതിക്രമങ്ങളാൽ നാമാവശേഷമാക്കുന്നതാണ്. എന്നാൽ സാവകാശം നൽകിയതിനുശേഷവും അവർ പിൻതിരിയുന്നില്ലെങ്കിൽ ശക്തമായ രീതിയിൽ അല്ലാഹുവിന്റെ ചക്കിലിട്ട് അവർ അരയ്ക്കപ്പെടുന്നതാണ്.മക്കയിലുണ്ടായ അനീതിയുടെയും അക്രമണത്തിന്റെയും ആധിക്യത്താൽ ഈ വിധത്തിലാണ് അല്ലാഹു നബി (സ) യെ സമാശ്വസിപ്പിച്ചത്.പറയുന്നു. അല്ലാഹുവിന്റെ സുശക്തമായ ആസൂത്രണങ്ങൾ ഈ ദുഷ്ട സംഘത്തെ അവരുടെ മോശമായ അന്ത്യത്തിലെത്തിക്കും.അവരുടെ അന്ത്യം എങ്ങനെയായിരിക്കണമെന്നത് അല്ലാഹുവാണ് വിധിക്കുന്നത്.അത് തന്നെയാണ് മതീൻ എന്ന അല്ലാഹുവിന്റെ ഗുണനാമത്തിൽ നിന്നും പ്രകടമാകുന്നത്.അതായത് അല്ലാഹു തന്റെ പ്രിയരുടെ എതിരാളികളെ ശക്തമായ രീതിയിൽ പിടിക്കുന്നു. അല്ലാഹുവിന് റസൂൽ (സ) നെക്കാളും പ്രിയനായി മറ്റാരുണ്ട് ? അല്ലാഹു ബദർ യുദ്ധ വേളയിൽ തന്റെ നബിയെ

സഹായിക്കുകയും സത്യനിഷേധികളുടെ സംഘത്തെ ശക്തമായ ശിക്ഷയ്ക്ക് വിധേയരാക്കുകയും ചെയ്ത വിചിത്രമായ കാഴ്ചയാണ് കാണിച്ചത്.ശത്രു മുഖ്യന്മാരായ ഉത്ത്ബയും ശൈബയും അബൂജഹലും മുസ്ലിംകളുടെ മേൽ അതിക്രമം നടത്തിക്കൊണ്ട് തങ്ങളാണ് ഏറ്റവും വലിയ ശക്തരെന്നും, തങ്ങളുടെ കൈപ്പിടി ഏറ്റവും സുദൃഢമാണെന്നും വിശ്വസിച്ചു.എന്നാൽ അല്ലാഹുവിന്റെ മഹാശക്തിക്ക് മുമ്പിൽ അവർ രക്തത്തിൽ കുളിച്ച ശവങ്ങളായി മാറി.അബൂജഹലാണെങ്കിൽ അഹങ്കാരത്തിലും തന്റെ ബലത്തിന്റെ ഹുങ്കിലും മറ്റെല്ലാവരെയും പിന്നിലാക്കിക്കൊണ്ട് അക്കാലഘട്ടത്തിലെ ഫിർഔനായി.മാറി എന്നാൽ അയാളോട് അല്ലാഹു ചെയ്ത പ്രതികാരം വളരെ കഠിനതരവും.അയാളുടെ അന്ത്യം വളരെ പരിതാപകരവുമായിരുന്നു. കൊലപ്പെടുത്തിയത് തന്നെ ചെറുപ്രായക്കാരായ രണ്ട് അൻസാരി കുട്ടികളായിരുന്നു. അവസാനമായി അബൂജഹൽ പറഞ്ഞത് കൃഷിക്കാരുടെ കൈകൾ കൊണ്ട് കൊലചെയ്യപ്പെടാതെ ഇരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നായിരുന്നു.മദീനക്കാർ കൃഷിയുമായി ബന്ധപ്പെട്ടവരായിരുന്നു.നിഷേധികളായ മക്കക്കാർ അവരെ കൃഷിക്കാർ എന്ന പേരിൽ വിളിച്ചുപോന്നു.വളരെ തരംതാഴ്ന്നവരായിട്ടാണ് അവരെ കണ്ടത്. എന്നാൽ അല്ലാഹു ചെയ്ത പ്രതികാരം എത്ര കഠിനതരമായിരുന്നു എന്ന് നോക്കുക.കൃഷിക്കാരല്ല,കൃഷിക്കാരുടെ കുട്ടികളാണ് അബൂജഹലിനെ വധിച്ചത്. ഇതുപോലെ മറ്റ് പല ശത്രു മുഖ്യന്മാർക്കും കാരാഗൃഹത്തിൽ നാളുകൾ കഴിക്കേണ്ടിവന്നു. ബദർ യുദ്ധത്തിൽ വധിക്കപ്പെട്ട 24 ഖുറൈശി തലവന്മാരെ ഒരുമിച്ച് ഖബറടക്കം ചെയ്യാനായി റസൂൽ (സ) കൽപ്പിക്കുകയും ഖബറടക്കം നടക്കുമ്പോൾ ഖബറിനരികെ വന്ന് വധിക്കപ്പെട്ടവരെ നോക്കിക്കൊണ്ട് പറഞ്ഞു

هَلْ وَجَدْتُمْ مَاوَعَدَكُمُ اللّٰهُ حَقًّا
فَإِنِّي وَجَدْتُ مَا وَعَدَنِيَ اللّٰهُ حَقًّا

അതായത്, അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണെന്നത് ഈ സംഭവത്തിലൂടെ നിങ്ങൾക്ക് മനസ്സിലായോ? അല്ലാഹു എന്നോട് ചെയ്തിരിക്കുന്ന വാഗ്ദാനം എന്നിൽ സത്യമായി പുലർന്നിരിക്കുന്നു.

പിന്നെയും ചില കാര്യങ്ങൾ അങ്ങ് പറയുകയുണ്ടായി. ഈയവസരത്തിൽ ഉമർ (റ) പറഞ്ഞു.കൊല്ലപ്പെട്ട ഇവരോടാണോ താങ്കൾ സംസാരിക്കുന്നത്.റസൂൽ (സ) പറഞ്ഞു അല്ലയോ ഉമർ താങ്കൾക്കറിയില്ല.ഇവർ മരിച്ചവർതന്നെ.എന്നാൽ ഇവർ എവിടെയാണെങ്കിലും എന്റെ വാക്കുകൾ കേൾക്കുന്നു.

അല്ലാഹു തന്റെ പ്രയങ്കരനായ നബി(സ)യോട് പറഞ്ഞു. ഇവരെ എനിക്ക് വിട്ടുതരിക. ഇവരോട് ഞാനെങ്ങനെയാണ് വർത്തിക്കുന്നത് എന്ന് നീ കാണുക. വളരെ കുറഞ്ഞ യുദ്ധ സാമഗ്രികളുള്ള സംഘം ഒരു ഭാഗത്തും എല്ലാവിധ സന്നാഹങ്ങളോട്കൂടിയ സംഘം മറുഭാഗത്തും എന്നാൽ ചെറുസംഘം എതിർ സംഘത്തിന്റെ നടുവൊടിക്കുകയായിരുന്നു.ഭൗതികമായ ആസൂത്രണങ്ങൾ കൊണ്ട് ഇതിന് സാധിക്കുമോ ? അങ്ങനെയൊന്ന് ലോകത്ത് സംഭവിച്ചിട്ടേയില്ല. എന്നാൽ ഇത്രമാത്രമല്ല.മക്കാവിജയം വരെയും അതിന് ശേഷവും അല്ലാഹു തന്റെ ശിക്ഷയുടെ കാഴ്ചകൾ കാണിച്ചുകൊണ്ടിരുന്നു.ഇറാനിലെ രാജാവ് അങ്ങയ്ക്കെതിരിൽ കൈ ഉയർത്തിയപ്പോൾ സ്വന്തം മകനിലൂടെ അയാൾക്ക് ശിക്ഷ ലഭിച്ചു. ദൈവിക വിധി ഇവിടെ അവസാനിച്ചില്ല.ഇറാനിലെ രാജാവ് ആസിം ബിൻ ആമിറിനെക്കൊണ്ട് മണ്ണ് നിറച്ച ചാക്ക് ഉയർത്താനായിപ്പറഞ്ഞത് അപമാനിക്കാനായിരുന്നു.എന്നാൽ ആ മണ്ണ് ഇറാനിലെ ഇസ്ലാമിക വിജയത്തിന്റെ തന്നെ അടയാളമായി.അല്ലാഹു സുശക്തനും മതീനുമാണെന്ന് പറയുന്നത് ഇതുകൊണ്ടാണ്. ഇതാണ് അവന്റെ ശിക്ഷാരീതി.സമയമാവുമ്പോൾ ബലഹീനരെ ശക്തർക്ക് മേൽ പ്രഭാവിതരാക്കുന്നു. റസൂൽ (സ) യുടെ കാലഘട്ടത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നത് എതിരാളികൾക്ക് കാര്യങ്ങൾ മനസ്സിലാക്കാനായി പല അവസരങ്ങളും നൽകിയിരുന്നു എന്നാണ്.അങ്ങയുടെ ഹിജ്റത്ത് വേളയിൽ എതിരാളികൾ ഫിർഔന്റെ നിറം കാണിക്കാതെ കാര്യങ്ങൾ ചിന്തിച്ച് മനസ്സിലാക്കിയിരുന്നെങ്കിൽ ബദർ യുദ്ധം തന്നെനടക്കുമായിരുന്നില്ല. ഹിജ്റത്ത് വേളയിൽതന്നെ മൂന്ന് സംഭവങ്ങളുണ്ടായി. അതായത് അവർ കാര്യങ്ങൾ ഗ്രഹിക്കുന്നവരും സൽപ്രകൃതക്കാരുമായിരുന്നുവെങ്കിൽ നബി (സ) യ്ക്കൊപ്പം ഒരു മഹാ ശക്തി ഉണ്ട് എന്നും ആ മഹാ ശക്തി റസൂൽ (സ) യെ രക്ഷപ്പെടുത്തുന്നുവെന്നും,തങ്ങൾക്ക് കഠിനമായ ശിക്ഷ ലഭിക്കാനും അത് മതിയായതാണെന്നും ചിന്തിക്കുമായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.ഇവരുടെ കൺമുമ്പിലൂടെ റസൂൽ (സ)ഹിജ്റത്തിനായി വീട്ടിൽ നിന്ന് പുറപ്പെട്ടു.അല്ലാഹു അവരുടെ കണ്ണുകളിൽ മറ സൃഷ്ടിക്കുകയാണുണ്ടായത്.ആ ഘട്ടത്തിലും അവർക്ക് ചിന്തിക്കാമായിരുന്നു.പിന്നീട് ഗുഹയിൽ അബൂബക്കർ (റ) ന്റെ കൂടെ ഇരിക്കുമ്പോൾ കാലടിവിദഗ്ദ്ധൻ കാലടിപ്പാടുകളെ പിന്തുടർന്ന് ഗുഹാമുഖം വരെ

എത്തി.എട്ടുകാലിയുടെ വല കാരണത്താൽ ഗുഹാന്തർഭാഗത്തേക്ക് അവർ ശ്രദ്ധിച്ചില്ല. കാലടി വിദഗ്ഢൻ പറഞ്ഞത് ഒന്നുകിൽ ഈ ഗുഹക്കകത്ത്തന്നെയുണ്ട്.അതുമല്ലെങ്കിൽ ആകാശത്തേക്ക് ഉയർന്നിട്ടുണ്ടാവണം എന്നായിരുന്നു. അപ്പോഴും അവർക്ക് ചിന്തിക്കാനുള്ള അവസരം ലഭിച്ചില്ല.കാരണം ഈ ദുഷ്ടരുടെ അന്ത്യം വളരെ സമീപസ്ഥമായിരുന്നു. അത്കൊണ്ട് അവരാരും തന്നെ ഗുഹാന്തർഭാഗത്തേക്ക് ശ്രദ്ധിച്ചില്ല. യാത്രാവേളയിലും അങ്ങയെ പിടിക്കാനുള്ള അവരുടെ എല്ലാ തന്ത്രങ്ങളും പരാജയപ്പെട്ടു. പിന്നീട് അല്ലാഹു അങ്ങയെ സുഗമമായ രീതിയിൽ മദീനയിലെത്തിക്കുകയും ചെയ്തു.എതിരാളികളോട് അല്ലാഹു പല സന്ദർഭങ്ങളിലായി കാണിച്ച നടപടിയെക്കുറിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു.ബദർ മുതൽ മക്കാ വിജയം വരെ അൽഭുതകരമായ രീതിയിലാണ് അങ്ങയെ സുരക്ഷിതനാക്കിയത്. ശേഷമുള്ള യുദ്ധങ്ങളിലും അതു തന്നെ സംഭവിച്ചു. ഖുർആനിൽ ഇപ്രകാരം വരുന്നു.

وَلَا يَحْسَبَنَّ الَّذِينَ كَفَرُوا أَنَّمَا نُمْلِي لَهُمْ خَيْرٌ لِّأَنفُسِهِمْ
إِنَّمَا نُمْلِي لَهُمْ لِيَزْدَادُوا إِثْمًا وَلَهُمْ عَذَابٌ مُّهِينٌ

അവിശ്വസിച്ചവർക്ക് നാം അവധി നീട്ടിക്കൊടുക്കുന്നത് അവർക്ക് ഗുണകരമാണെന്ന് അവർ ഒരിക്കലും ധരിക്കരുത്. നാം അവർക്ക് അവധി നീട്ടിക്കൊടുക്കുന്നതിന്റെ ഫലമായി അവരുടെ പാപങ്ങൾ വർധിച്ചുകൊണ്ടുപോകുക മാത്രമാണ് ചെയ്യുന്നത്. അവർക്ക് അപമാനകരമായ ശിക്ഷ ഉണ്ടാകുന്നതുമാണ്.

അല്ലാഹു അവർക്ക് സാവകാശം നൽകിയതിന്റെ കാരണം സൽപ്രകൃതക്കാർ കാര്യങ്ങൾ ഗ്രഹിക്കാനും സത്യം ഗ്രഹിച്ചുകൊണ്ട് അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടാനും വേണ്ടിയായിരുന്നു.എന്നാൽ അതിക്രമവും അനീതിയും മാത്രം കൈമുതലായുള്ളവർക്ക് ഈ സാവകാശം അവരുടെ തിന്മകളെ അധികരിപ്പിച്ചതേയുള്ളു.ദൈവനിയോഗിതരെ നിഷേധിച്ചുകൊണ്ട് തിന്മകൾ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.എന്നാൽ ഇത്തരക്കാരുടെ അന്ത്യം മഹാ ശക്തനും പ്രബലനുമായ അല്ലാഹുവിൽ നിന്നുള്ള അപമാനത്തോടും നിന്ദ്യതയോടുംകൂടിയായിരിക്കും. അത്തരക്കാർക്കായി പശ്ചാത്താപത്തിന്റെ ഒരു വാതിലും തുറക്കപ്പെടുന്നതല്ല. അവർ അല്ലാഹുവിന്റെ ശിക്ഷയുടെ ചക്കിലിട്ട് അരയ്ക്കപ്പെടുന്നു.അല്ലാഹു ഖുർആനിൽ ഫിർഔനെ ഉപമിച്ചുകൊണ്ട് പറഞ്ഞത് ഏത് പോലെ ഫിർഔന് സാവകാശം നൽകുകയും പിന്നെ പിടിക്കുകയും ചെയ്തുവോ ഇതേപോലെ നബി(സ)ന്റെ എതിരാളികളോടും പെരുമാറും എന്നായിരുന്നു.അല്ലാഹുവിന് ചില ശിക്ഷാ രീതികളുണ്ട്. റസൂൽ (സ) യുടെ കാലഘട്ടം ഗാംഭീര്യത്തിന്റെയും യുദ്ധങ്ങളുടെയും കാലഘട്ടമായിരുന്നു. എതിരാളികൾ അവർക്ക്മേൽ യുദ്ദം അടിച്ചേൽപ്പിച്ചു.അതേരീതിയിലുള്ള ശിക്ഷയാണ് അല്ലാഹുവിന്റെ ഭാഗത്ത്നിന്ന് അവരുടെ മേൽ ഇറങ്ങിയത്. എതിരാളികൾ മുസ്ലിംകൾക്കെതിരിൽ പ്രയോഗിച്ച ആയുധങ്ങൾ അല്ലാഹു അവർക്കെതിരിൽ പ്രയോഗിച്ചുകൊണ്ട് അവരെ അപമാനിതരും നിന്ദിതരുമാക്കുകയും തന്റെ കഠിനമായ ശിക്ഷയെക്കുറിച്ച് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. അല്ലാഹുവിന്റെ മതീൻ (സുശക്തൻ ) എന്ന ഗുണനാമം ഇന്നും പ്രവർത്തന നിരതമാണ്. മുമ്പ് നിലനിന്നതുപോലെ ഇപ്പോഴും അത് നിലനിൽക്കുന്നു. وَأُمْلِي لَهُمْ إِنَّ كَيْدِي مَتِينٌ ന്റെ കാഴ്ചകൾ അല്ലാഹു ഇന്നും കാണിച്ചുകൊണ്ടിരിക്കുന്നു.ഭാവിയിലും അത് കാണിച്ചുകൊണ്ടിരിക്കുന്നതാണ്.എന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടത്തിൽ വാളുകൊണ്ടുള്ള ജിഹാദ് മുഖേനയല്ല അത് നടപ്പിലാവുക.ഞാൻ നേരത്തെ പറഞ്ഞത് പോലെ ഓരോ കാലഘട്ടത്തിലും അവന്റ ശിക്ഷകൾക്ക് ചില രീതികളുണ്ട്. ഹദ്റത്ത് റസൂൽ (സ) ക്ക് മേൽ ആക്ഷേപശരങ്ങൾ ഉന്നയിക്കുന്നവരും പരിഹസിക്കുന്നവരുമുണ്ട്. അവരെയെല്ലാം അല്ലാഹു ശിക്ഷിക്കുന്നത് നമുക്ക് ഊഹിക്കാൻ പോലും സാധിക്കാത്ത വിധത്തിലായിരിക്കും.തന്റെ ശിക്ഷാരീതിയെക്കുറിച്ച് അല്ലാഹുവിന് നന്നായിട്ടറിയാം. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലഘട്ടത്തിൽ അത്തരക്കാരെ ശിക്ഷിച്ചുകൊണ്ട് മറ്റുള്ളവർക്ക് പാഠമാക്കിയത് ലോകം കണ്ടതാണ്. ഇതിനായി ഹദ്റത്ത മസീഹ് മൗഊദ് (അ) നമുക്ക് പറഞ്ഞുതന്ന രഹസ്യം എന്താണ് ? അല്ലാഹു പറയുന്നു എന്റെ ശിക്ഷ നടപ്പിലാവുക തന്നെ ചെയ്യും എന്നാൽ നിങ്ങളെന്താണ് ചെയ്യേണ്ടത്. നാം ചെയ്യുന്ന ജിഹാദുകൊണ്ടല്ല എതിരാളികൾ പിടിക്കപ്പെടുക.ശിക്ഷ നടപ്പിലാക്കുന്നവൻ അല്ലാഹുവാണ് എന്നാൽ അല്ലാഹുവിന്റെ ഈ നടപടിക്രമത്തിൽ നിങ്ങളുടെ പങ്ക് എന്തെന്നുവച്ചാൽ സത്യഹൃദയത്തോടുകൂടി ദുആ ചെയ്യുക എന്നതാണ്. ദുആ എന്ന ആയുധത്തിന്റെ പ്രഭാവം തന്നെയാണ് നാം കണ്ടത്.ഈ ആയുധം പണ്ഡിറ്റ് ലേക്ക്റാമിന് സാവകാശം നൽകിയ ശേഷം അയാളെ അന്ത്യത്തിലെത്തിച്ചപോലെ അബ്ദുള്ളാ ആഥമിനും ഡോയിക്കുമൊക്കെ സംഭവിച്ചു. മറ്റ് എതിരാളികളെല്ലാം തങ്ങളുടെ പരിണിതഫലമറിഞ്ഞു. എന്നാൽ ഇന്നും ചിലർ റസൂൽ (സ) ക്കെതിരിൽ പരിഹാസകുത്തുവാക്കുകളും നിന്ദാവചനങ്ങളും ചൊരി

യുന്നു.അവരും അല്ലാഹുവിന്റെ പിടുത്തത്തിൽ നിന്ന് സുരക്ഷിതരല്ല. അവർ ഏത് മതവിശ്വാസികളാണെങ്കിലും അല്ലെങ്കിലും ശരി.

വിശുദ്ധ ഖുർആനിൽ റസൂൽ (സ) മായി ബന്ധപ്പെട്ട സംഭവങ്ങൾക്ക് പുറമേ മുൻ കഴിഞ്ഞ പ്രവാചകന്മാരുടെ വൃത്താന്തങ്ങളുമുണ്ട്.എതിരാളികൾ അവരെ വളരെയധികം വേദനിപ്പിച്ചു.എന്നാൽ കുറച്ചുകാലങ്ങൾക്കുശേഷം എതിരാളികളുടെ തന്ത്രങ്ങൾ അവർക്കുനേരെ തിരിയുകയും തന്റെ നബിമാരെ അല്ലാഹു സംരക്ഷിക്കുകയും ചെയ്തു.മനുഷ്യചിന്തകൾക്കതീതമായ കാര്യങ്ങളാണിവ.അല്ലാഹു എപ്പോഴും തന്റെ പ്രിയപ്പെട്ടവർക്ക് വേണ്ടി എതിരാളികളുടെ കാര്യത്തിൽ തീരുമാനമെടുക്കുന്നു.ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ എതിരാളികളിൽ പലർക്കും മരണത്തിലൂടെ പാഠം നൽകി,എന്നാൽ മറ്റു ചിലർക്ക് സാവകാശം നൽകുകയുണ്ടായി.ഹദ്റത്ത മസീഹ് മൗഊദ് (അ) നുണ്ടായ വിജയങ്ങൾ അവർക്കും കാണിച്ചുകൊടുത്തുകൊണ്ട് സ്വന്തം അഗ്നിയിൽ എരിയാൻ അവരെ നിർബന്ധിതരാക്കി. ഇതും ഒരു വിധത്തിലുള്ള ശിക്ഷാ രീതിയായിരുന്നു. അവരെ എങ്ങിനെയാണ് ശിക്ഷിക്കേണ്ടത് എന്നത് അവന്റെ ഇംഗിതമനുസരിച്ചാണ് നടക്കുന്നത്. ഹദ്റത്ത മസീഹ് മൗഊദ് (അ) നെ അല്ലാഹു വെളിപാട് മുഖേന അറിയിച്ചു.

وَمَكَرُوْا وَمَكَرَ اللّٰهِ وَاللّٰهُ خَيْرُ الْمَاكِرِيْنَ ثُمَّ يَنْقَضُ عَلَى الْمَاكِرِيْنَ

(الهام حضرت مسيح موعود عليه السلام)

അവർ ചില ഗൂഢതന്ത്രങ്ങൾ പ്രയോഗിച്ചു.അല്ലാഹുവും (മറു)തന്ത്രം പ്രയോഗിച്ചു.തന്ത്രം പ്രയോഗിക്കുന്നവരിൽ അല്ലാഹു ഏറ്റവും ഉത്തമനാണ്. തന്ത്രം പ്രയോഗിക്കുന്നവരുടെ നേരെ അവൻ ചാടി വീഴുന്നു.

കൂടുതൽ വിശദീകരിക്കുകയാണെങ്കിൽ അല്ലാഹു അവരെ നശിപ്പിക്കാനായി അവരുടെ മേൽ ചാടി വീഴുന്നു. അല്ലാഹു ഒരാൾക്കെതിരിൽ തന്ത്രം പ്രയോഗിക്കുമ്പോൾ അയാളുടെ ജീവിതം തന്നെ അവസാനിപ്പിക്കുകയും മറ്റു ചിലരെ അഭിമാനത്തിൽ നിന്ന് അപമാനത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു.അല്ലാഹുവിന്റെ വിധി പ്രവർത്തിക്കുക തന്നെ ചെയ്യും.എന്നാൽ നാം മനസ്സിലാക്കേണ്ടുന്ന ഒരു കാര്യം അല്ലാഹുവിന് ഏറ്റവും പ്രിയങ്കരനായ റസൂൽ (സ)ന് പരിപൂർണ്ണമായ നിയമ സംഹിത നൽകിക്കൊണ്ടാണ് നിയോഗിച്ചയച്ചത്. ഏതെങ്കിലും നബിയുടെ ജീവിതത്തിൽതന്നെ ഒട്ടേറെ പ്രവചനങ്ങൾ പുലർന്നിട്ടുണ്ടെങ്കിൽ അത് നബി (സ)യുടെ ജീവതത്തിലാണ് അങ്ങയോട്അല്ലാഹുപറഞ്ഞത് فَصَلِّ لِرَبِّكَ وَانْحَرْ

നീ നിന്റെ നാഥനുവേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക.

ഈ കൽപന മുസ്ലിം സമുദായത്തിനും കൂടിയുള്ളതാണ്. ഈ ആരാധനകളിലൂടെയും എല്ലാവിധ ത്യാഗങ്ങളിലൂടെയുമാണ് നമുക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടാൻ സാധിക്കുക. നമ്മുടെ എല്ലാവിധ ത്യാഗങ്ങളും ഉന്നത നിലവാരത്തിലെത്തിക്കാൻ ഇന്നും നാം വളരെയേറെ ശ്രമിക്കേണ്ടതുണ്ട്. റസൂൽ (സ)ന് ആരാധനകൾ ഉന്നതമായ രീതിയിൽ നിർവ്വഹിക്കാനും ത്യാഗങ്ങൾ ചെയ്യാനുമുള്ള തൗഫീഖ് അല്ലാഹു കനിഞ്ഞരുളുകയുണ്ടായി. അത് മനുഷ്യചിന്തകൾക്ക് അതീതമായ കാര്യമാണ്. എന്നാൽ അദ്ദേഹം ഒരു ഉൽകൃഷ്ടമായ മാതൃക നമ്മുടെ മുമ്പിൽ സമർപ്പിച്ചിരിക്കുന്നു. അങ്ങ് ഉന്നതമായ പദവി കരസ്ഥമാക്കിയപ്പോൾ അല്ലാഹു തന്റെ വാഗ്ദാനവും പൂർത്തിയാക്കി. നബി (സ) യെ ആക്ഷേപിച്ചവർ പറഞ്ഞത് അങ്ങയുടെ തലമുറയെ മുമ്പോട്ട് കൊണ്ടുപോകാനായി ആൺമക്കളാരും ഇല്ല എന്നായിരുന്നു. അവർക്ക് അല്ലാഹു നൽകിയ മറുപടി സന്താനരഹിതർ എതിരാളികൾ തന്നെയാണ്. ഭാവിയിൽ ഏത് വിധത്തിലുള്ള സമീപനമാണ് ഇവരുടെ കാര്യത്തിലുണ്ടാവുക എന്നത് കാണേണ്ടിയിരിക്കുന്നു. അവർ അപമാനിതരായ കാഴ്ച ലോകം കണ്ടതാണ്. അതായത് തങ്ങൾക്ക് സ്വന്തം ആൺമക്കൾ ഉണ്ടെന്ന് കരുതിയവർ ഒരു കാലത്ത് അല്ലാഹുവിന്റെ പ്രവചനപ്രകാരം ആ ആൺമക്കൾ തങ്ങളുടെ പിതാക്കന്മാരുമായി തങ്ങളെ ബന്ധപ്പെടുത്തി പറയുന്നതിന് പകരം നബി (സ) യുമായി തങ്ങളെ ബന്ധിപ്പിക്കുന്നതിലാണ് അഭിമാനം കൊണ്ടത്. ഇസ്ലാമിന്റെ വിജയത്തിനുശേഷം ശത്രുമുഖ്യന്മാരുടെ മക്കൾ എല്ലാവരും റസൂൽ (സ) മടിയിലേക്ക് കൊണ്ടുവരപ്പെട്ടു. ഇക്ക്രിമ അബൂജഹലിന്റെ മകനായിരുന്നു. എന്നാൽ ഇസ്ലാം സ്വീകരിച്ചതിന് ശേഷം അദ്ദേഹം നബി (സ)ക്ക് വേണ്ടിയും ദീനിനുവേണ്ടിയും പോരാടാൻ തയ്യാറായി. വലിദ് റസൂൽ (സ) യുടെ വലിയ എതിരാളിയായിരുന്നു.അയാളുടെ മകൻ ഖാലിദ് ഇസ്ലാമിന് വേണ്ടി സമാനതകളില്ലാതെ പ്രവർത്തിച്ചു. മറ്റൊരു എതിരാളി ആസി എന്ന് പേരുള്ള ആളായിരുന്നു. ഇയാളുടെ മകൻ അംറുബിൻ ആസ് ഇസ്ലാമിന് വേണ്ടി മനോഹരമായ രീതിയിൽ സേവനങ്ങൾ ചെയ്തു. വളരെ പേരുകേട്ട സൈന്യാധിപനായിരുന്നു അദ്ദേഹം.

അല്ലാഹു ശക്തരിൽ ശക്തനാണ് തന്ത്രം പ്രയോഗിക്കുന്നവരിൽ വെച്ച് ഏറ്റവും നന്നായി തന്ത്രങ്ങൾ പ്രയോഗിക്കുന്നവനാണ്. ആ അല്ലാഹു ഹദ്റത്ത് റസൂൽ (സ) യുടെ മഹത്വത്തെ പരമോന്നതിയിലെത്തിക്കുകയും എതിരാളികൾ പരാചിതരായി നിലം പതിക്കുകയും ചെയ്തു. അവരുടെ മക്കളെ അല്ലാഹു റസൂൽ (സ) ക്ക് നൽകി ഹദ്റത്ത മസീഹ് മൗഊദ് (അ) നും അല്ലാഹു ഇതേ വെളിപാടിറക്കുകയുണ്ടായി.

إِنَّ شَانِئَكَ هُوَ الْأَبْتَرُ

അതായത് നിശ്ചയമായും നിന്റെ ശത്രുവാണ് സന്താനരഹിതൻ

പിന്നീട് ലോകം കണ്ടത് എതിരാളികൾ പരാചിതരും അപമാനിതരുമായി മടങ്ങിയതാണ്.ഇന്നും അത് നടന്നുകൊണ്ടിരിക്കുന്നു. ഇത് അല്ലാഹുവിന്റെ സുശക്തമായ ആസൂത്രണങ്ങൾക്കുള്ള തെളിവല്ലാതെ മറ്റെന്താണ്? ഹദ്റത്ത മസീഹ് മൗഊദ് (അ) നോട് അല്ലാഹു ചെയ്ത വാഗ്ദാനങ്ങളുടെ പൂർത്തീകരണമെല്ലേ ഇത്.തീർച്ചയായും അതുതന്നെയാണ്. ഈ ഘട്ടത്തിൽ അഹ്മദികളായ നാം നമ്മെക്കുറിച്ച് ആത്മ പരിശോധന നടത്തുകയും നമ്മുടെ ജീവിതത്തിൽ ഈ വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിനായി ദുആ ചെയ്യുകയും ചെയ്യേണ്ടതാണ്.

ഹദ്റത്ത മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു. അദൃശ്യങ്ങളറിയുന്ന അല്ലാഹുവിനെല്ലാതെ മറ്റാർക്കാണ് അന്ത്യദിനങ്ങളെക്കുറിച്ച് അറിയാൻ കഴിയുക. എതിരാളികൾ പറയുന്നു.ഈ വ്യക്തി അപമാനിതനായി നശിക്കുന്നതാണ്.അവർ ആഗ്രഹിക്കുന്നതും അപ്രകാരത്തിലുള്ള നാശമാണ്.എന്നാൽ ഇവർ അന്ധരാണ്. സമീപ ഭാവിയിൽതന്നെ അവരുടെ ദുരാഗ്രഹങ്ങൾ അവർക്ക് മേൽ ആപതിക്കുന്നതായിരിക്കും. കള്ളവാദി വളരെ പെട്ടെന്ന് നശിപ്പിക്കപ്പെടും എന്നതിൽ യാതൊരു സംശയവുമില്ല. ഒരാൾ തന്നെക്കുറിച്ച് താൻ അല്ലാഹുവിൽ നിന്ന് അയക്കപ്പെട്ടവനാണെന്നും അവൻ തന്റെ വെളിപാടുകൾ തന്നിൽ ഇറക്കുന്നുവെന്നും പറയുകയും എന്നാൽ അതെല്ലാം വസ്തുതാവിരുദ്ധവുമെങ്കിൽ അത്തരക്കാരന് പരിതാപകരമായ അന്ത്യമായിരിക്കും ഉണ്ടാവുക. അത് ജനങ്ങൾക്ക് പാഠമുൾക്കൊള്ളാൻ സാധിക്കുന്നതായിരിക്കും. എന്നാൽ സത്യസന്ധനും അല്ലാഹുവുമായി ബന്ധമുള്ളയാളുമാണെങ്കിൽ അവർ മരണപ്പെട്ടാലും ജീവിക്കുന്നവരായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ കരങ്ങൾ അവരോടൊപ്പമുണ്ടാകുന്നു. സത്യത്തിന്റെ ആത്മാവ് അവരിൽ ഊതപ്പെടുന്നതാണ്. അവർ പരീക്ഷണങ്ങളുടെ ചക്കിലിട്ട് അരയ്ക്കപ്പെട്ടാലും മണ്ണിനോട് ചേർക്കപ്പെട്ടാലും നാലുഭാഗത്ത്നിന്ന് ശാപവാക്കുകൾ ചൊരിയപ്പെട്ടാലും അവരുടെ നാശത്തിനായി ഒരു കാലഘട്ടം മുഴുവൻ തന്ത്രങ്ങൾ പ്രയോഗിച്ചാലും അവർ നശിപ്പിക്കപ്പെടുന്നതല്ല. അല്ലാഹുവുമായുള്ള അവരുടെ ബന്ധംകൊണ്ടാണത്. അല്ലാഹു അവർക്ക് പല പ്രയാസങ്ങളും നൽകുന്നു. അത് അവരെ നശിപ്പിക്കാൻ വേണ്ടിയല്ല.സൽഫലങ്ങളിലൂടെ അഭിവൃദ്ധപ്പെടാൻ വേണ്ടിയാണത്. അല്ലാഹുവിന്റെ സ്വീകാര്യതയ്ക്കായി അവർക്ക് പല ബുദ്ധിമുട്ടുകളും സഹിക്കേണ്ടിവരുന്നു. ഭൂമിയുടെ കാര്യത്തിലും ഇതുതന്നെയാണ് കാണാൻ സാധിക്കുന്നത്.അതായത് കൃഷിക്കാരൻ മാസങ്ങളോളം നിലമുഴുതുകയും വളരെയധികം ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു. അതേപോലെ യഥാർത്ഥ കൃഷിക്കാരനായ അല്ലാഹു തന്റെ ഇഷ്ടദാസരെ മണ്ണിലേക്കെറിയുന്നു. ജനങ്ങൾ അവരെ ചവിട്ടി മെതിക്കുന്നു. എല്ലാ വിധത്തിലും അവർ അപമാനിക്കപ്പെടുന്നുവെന്ന് തോന്നുന്നു.എന്നാൽ ചില ദിവസങ്ങൾക്ക് ശേഷം വിത്ത് വളർന്ന് പച്ച നിറത്തോട് കൂടി പുറത്ത് വരുന്നു.അത് പ്രത്യേക നിറത്തോട് കൂടി വളരുന്നത് കാണുന്നവരിൽ അൽഭുതമുളവാക്കുന്നു.സത്യാത്മാക്കളുമായി പുരാതന കാലം മുതലേയുള്ള അല്ലാഹുവിന്റെ നടപടിക്രമമാണിത്. അവർ പല പരീക്ഷണങ്ങളിലും അകപ്പെടുന്നുവെങ്കിലും ഏകനായ അല്ലാഹുവിന്റെ അമൂല്യ രത്നങ്ങൾ ചികഞ്ഞെടുത്ത് പുറത്ത് വരുന്നു. അല്ലാഹു അവരെ പരീക്ഷണവിധേയരാക്കുന്നത് അവരെ നശിപ്പിക്കാൻ വേണ്ടിയല്ല. സൽപ്രകൃതക്കാർക്ക് പരീക്ഷണങ്ങൾ വരുമ്പോൾ അവർ അല്ലാഹുവിന്റെ ഏകത്വത്തിന്റെ സമുദ്രത്തിലെ ആഴങ്ങൾ താണ്ടി സമുദ്രത്തിൽ നിന്ന് അമൂല്യരത്നങ്ങളുമായി വരുന്നു. അവർ തീയ്യിലിടപ്പെടുന്നു. പക്ഷെ അത് അവരെ അഗ്നിക്കിരയാക്കാൻ വേണ്ടിയല്ല. അവന്റെ മഹാ ശക്തി തെളിയിക്കാൻ വേണ്ടിയാണ്. അവർ പരിഹസിക്കപ്പെടുകയും ശപിക്കപ്പെടുകയും എല്ലാ രീതിയിലും അക്രമിക്കപ്പെടുകയും ചെയ്യുന്നു. അവർക്ക് വളരെയധികം വേദനയനുഭവിക്കേണ്ടതായി വരുന്നു. അവരെക്കുറിച്ചുള്ള ഊഹാപോഹങ്ങൾ വർദ്ധിക്കുകയും അവർ സത്യവാന്മാരാണെന്ന കാര്യത്തെ ക്കുറിച്ച് ചിന്തിക്കാൻ പോലും പലർക്കും സാധിക്കുന്നതല്ല.

ഇപ്പോൾ ഇതേ ആരോപണങ്ങൾ തന്നെയല്ലേ ഉന്നയിക്കാറുള്ളത്. അതായത് നിങ്ങൾ അഹ്മദികൾ സത്യവാന്മാരാണെങ്കിൽ എന്തിന് ഇത്രയധികം ബുദ്ധിമുട്ടുകൾ സഹിക്കണം. നിങ്ങൾ സത്യവാന്മാരാണെങ്കിൽ മുസ്ലിം വിഭാഗങ്ങളെല്ലാം നിങ്ങൾക്കെതിരിൽ എന്തിന് തിരിയണം.

പറയുന്നു. അവർ സത്യവാന്മാരെന്ന് ഊഹിക്കാൻ പോലും സാധിക്കില്ല.. അവരെ അക്രമിക്കുന്നവരും ശാപവാക്കുകൾ ചൊരിയുന്നവരും തങ്ങൾ പ്രതിഫലമർഹിക്കുന്ന പ്രവൃത്തിയാണ് ചെയ്യുന്നത് എന്ന ചിന്തയിലായിരിക്കും. അതെ. ഒരു കാലയളവ് വരെ അങ്ങനെതന്നെയായിരിക്കും സംഭവിക്കുക. ഇത്തരം ഘട്ടങ്ങളിൽ ഇവർ പരിഭ്രമിക്കുമ്പോൾ അവരെ അല്ലാഹു സമാശ്വസിപ്പിക്കുന്നു.മുൻകഴിഞ്ഞവർ സഹനം കൈകൊണ്ടതുപോലെ സഹനം കൈക്കൊള്ളാനായി പറയുന്നു. ഞാൻ നിന്നോടൊപ്പമുണ്ട്.ഞാൻ കേൾക്കുന്നവനും കാണുന്നവനുമാണെന്ന് അല്ലാഹു അറിയിക്കുന്നു. അങ്ങനെ ഒരു കാലഘട്ടത്തിനു ശേഷം അവന്റെ വാഗ്ദാനങ്ങൾ പൂർത്തീകരിക്കപ്പെടുന്നു. അല്ലാഹു അവരുടെ സഹായത്തിനെത്തുകയും ദൃഷ്ടാന്തങ്ങളെ നിഷേധിക്കുന്ന എതിരാളികളെ തകർത്തെറിയുകയും ചെയ്യുന്നു. തുടക്കത്തിൽ എതിരാളികൾക്കാണ് വിജയമുണ്ടാവുക എന്ന് തോന്നുമെങ്കിലും അവസാനം അവർക്ക് നാശം സംഭവിക്കുകയും വിശ്വാസികളെ പീഢിപ്പിക്കുന്ന കാര്യത്തിൽ സന്തോഷം കണ്ടെത്തിയ അവർക്ക് മേൽ വിശ്വാസികൾ സന്തോഷിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) വീണ്ടും അരുൾ ചെയ്യുന്നു.

അല്ലാഹു എന്നെ പല സന്ദർഭങ്ങളിലായി അറിയിച്ചു. നിനക്ക് മേൽ പരിഹാസങ്ങളും ശാപവാക്കുകളും ചൊരിയപ്പെടും, കഠിനമായ പീഢനം സഹിക്കേണ്ടതായി വരും എന്നാൽ അവസാനം ദൈവിക സഹായം നിന്നോടൊപ്പമായിരിക്കും. അവൻ എതിരാളികളെ ലജ്ജിതരും പരാജിതരുമാക്കും.

ഒരു ദർശനത്തെ പറ്റി അങ്ങ് പറയുന്നു. ഒരു മലക്ക് എന്റെ അടുത്ത് വന്നുകൊണ്ട് പറഞ്ഞു ജനങ്ങൾ പിന്തിരിഞ്ഞു പോകുന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോട് ചോദിച്ചു താങ്കൾ എവിടെ നിന്നാണ് വരുന്നത്.അദ്ദേഹം അറബിയിൽ മറുപടി നൽകി.ഞാൻ ഏകനായ അല്ലാഹുവിൽ നിന്നാണ് വരുന്നത്. ഞാൻ മറ്റൊരു സ്ഥലത്തേക്ക് അദ്ദേഹത്തെ കൊണ്ടുവന്നു. ഞാൻ ചോദിച്ചു ജനങ്ങൾ പിന്തിരിയുന്നുവെങ്കിൽ.താങ്കളും പിന്തിരിയുമോ. മലക്ക് പറഞ്ഞു ഞാൻ താങ്കളോടൊപ്പമുണ്ട്.അങ്ങനെ ഞാൻ പഴയ അവസ്ഥയിലേക്ക് മടങ്ങി. പറയുന്നു, എന്നാൽ ഇതെല്ലാം മദ്ധ്യാവസ്ഥയിൽ പ്രകടമാകുന്നവയും അവന്റെ നടപടിക്രമങ്ങളുടെ ഭാഗവുമാണ്. വീണ്ടും പറയുന്നു, എന്നാൽ അവസാനഘട്ടത്തിൽ എനിക്ക് ആയിരക്കണക്കിന് ദിവ്യദർശനങ്ങളും വെളിപാടുകളുമുണ്ടാവുകയും അത് സൂര്യപ്രകാശം പോലെ എന്നിൽ പ്രകടമാവുകയും ചെയ്തു അല്ലാഹു എന്നെ അറിയിച്ചു.ഞാൻ തീർച്ചയായും നിനക്ക് വിജയം നൽകും. എല്ലാ ആരോപണങ്ങളിൽ നിന്നും നിന്നെ വിമുക്തനാക്കുകയും നിനക്ക് വിജയം നൽകുകയും ചെയ്യും.നിന്റെ ഈ പ്രസ്ഥാനം ഖിയാമത്ത് നാൾ വരെ എതിരാളികളുടെ മേൽ അതിജയിച്ച് നിൽക്കും.

അരുൾ ചെയ്തു. ശക്തിമത്തായ ആക്രമണങ്ങളാൽ നിന്റെ സത്യതയെ ഞാൻ വെളിപ്പെടുത്തും.

മറ്റൊരു സ്ഥലത്ത് പറയുന്നു.. ഈ വെളിപാടുകൾ സ്വീകരിക്കപ്പെടണം എന്നതിന്നായി എഴുതിയതല്ല. ഓരോ കാര്യത്തിനും ചില സമയമുണ്ട്. എന്നറിയിക്കാൻ വേണ്ടിയാണ്. ഈ വെളിപാടുകൾ പ്രകടമാകുമ്പോൾ തീർച്ചയായും എന്റെ എഴുത്തുകൾ വിശ്വാസികളിൽ വിശ്വാസ വർദ്ധനവിനും ദൃഢനിശ്ചയത്തിനും കാരണമാകും

وَالسَّلَامُ عَلٰى مَنِ اتَّبَعَ الْهُدٰى

അല്ലാഹു നമ്മെ ദുആകളിലും ത്യാഗങ്ങളിലും വിശ്വാസ ദാർഢ്യത്തോടെ നിലനിന്ന് കൊണ്ട് അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ മനോഹരമായ ദൃശ്യങ്ങൾ കാണിക്കുമാറാകട്ടെ. ഇതിനോടനുബന്ധിച്ച് പ്രത്യേകിച്ച് മറ്റൊരു ദുആക്കായി പറയാനാഗ്രഹിക്കുകയാണ്.പാകിസ്ഥാനിൽ സമാധാനം നിലനിൽക്കാനായി ദുആ ചെയ്യുക. അല്ലാഹു ഈ രാജ്യത്തെ രക്ഷിക്കുമെങ്കിൽ അത് അഹ്മദിയ്യത്ത് അവിടെ നിലനിൽക്കുന്നത് കൊണ്ടു മാത്രമായിരിക്കും.അഹ്മദികൾ ഈ രാജ്യത്തിന്റെ രൂപീകരണത്തിനായി വളരെയധികം പരിശ്രമിക്കുകയും വലിയ ത്യാഗങ്ങൾ ചെയ്യുകയും ചെയ്തു.ഈ രാജ്യത്തെ തകർക്കാനും രാജ്യത്ത് സമാധാനഭംഗമുണ്ടാക്കാനും ചിലർ ശ്രമിച്ചുവരുന്നു. പാക്കിസ്ഥാന്റെ രൂപീകരണത്തിൽ ഇവർക്ക് യാതൊരുവിധ പങ്കുമില്ല. ഇവർ പാക്കിസ്ഥാന്റെ രൂപീകരണത്തെ അനുകൂലിക്കുന്നവരുമായിരുന്നില്ല.ഇവർ ഇപ്പോൾ രാജ്യത്തോടുള്ള സഹതാപത്തിന്റെ പേര് പറഞ്ഞ് ഒരു പുതിയ രീതി അവലംബിച്ചിരിക്കുകയാണ്.ഇസ്ലാമിന്റെയും രാജ്യത്തിന്റെയും രക്ഷയ്ക്കെന്ന വ്യാജേന രാജ്യത്തെ തകർക്കാൻ ശ്രമിക്കുകയാണിവർ. അല്ലാഹു ഈ രാജ്യദ്രോഹികളെ എത്രയും പെട്ടെന്ന് ശിക്ഷയിൽ അകപ്പെടുത്താനുള്ള സാഹചര്യങ്ങൾ ഒരുക്കട്ടെ. നമ്മുടെ രാജ്യത്തെ അവൻ രക്ഷിക്കുമാറാകട്ടെ, ആമീൻ.

**വിവർത്തനം**
മൗലവി എൻ. ശഫീഖ് അഹ്മദ് പത്തപ്പിരിയം
മുബല്ലിഗ്
**PHONE : 9895109624**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 16-10 - 2009 at**
**Baithul Futuh**
**London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**